പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.9 08.06.2015 ന് മറുപടിയ്ക്ക്

## നീര ഉൽപ്പാദന വിതരണ നിയന്ത്രണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>,, വി.ഡി.സതീശൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, പി.സി വിഷ്ണുനാഥ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്ത് നിലവിൽ നീര ഉൽപ്പാദിപ്പിക്കുന്നതിനായി നാളീകേര വികസന ബോർഡിന്റെ അംഗീകാരമുള്ള നാളീകേര ഉൽപ്പാദക ഫെഡറേഷനുകൾക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇത്തരത്തിൽ 173 നാളീകേര ഉൽപ്പാദക ഫെഡറേഷനുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി നിയമങ്ങളിൽ മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (ബി) | സംസ്ഥാനത്ത് നീരയുടെ ഉൽപ്പാദനവും വിതരണവും നിയമവിധേയമാക്കുക എന്ന ലക്ഷ്യത്തോടുകൂടി നീര റൂൾസ് - 2014 നിലവിൽ വരുകയുണ്ടായി. ആയതിൻ പ്രകാരം സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ആർക്കൊക്കെ അനുമതി നൽകാം, ലൈസൻസ് നൽകേണ്ട ഉദ്യോഗസ്ഥൻ, നീര നിയമം ലംഘിക്കുമ്പോൾ ലഭിക്കുന്ന ശിക്ഷ തുടങ്ങിയ കാര്യങ്ങളാണ് നീര റൂൾസ് 2014 -ൽ ഉൾപ്പെട്ടിട്ടുള്ളത്. |
| (സി) | നീരയുടെ ഉൽപ്പാദനവും വിതരണവും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഭരണതലത്തിൽ എന്തെങ്കിലും സംവിധാനം ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ? | (സി) | **The Kerala Sweet Toddy (NEERA) Rules 2014** നിലവിൽ വന്നതോടുകൂടി സംസ്ഥാനത്ത നീര ഉൽപ്പാദനം നിയമ വിധേയമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ നീര ഉൽപ്പാദനത്തിനും വിതരണത്തിനും ലൈസൻസ് നൽകുന്നത് ബന്ധപ്പെട്ട ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരാണ്. നീര ലൈസൻസ് നൽകുന്നതിനെ തുടർന്ന് ആയത് നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പൂർണ്ണമായും എക്സൈസ് വകുപ്പിന് അധികാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ